| 16–07–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ആരാണോ സർവ്വരുടെയും സദ്ഗതി ചെയ്യുന്ന ജീവന്മുക്തിദാതാവ്, അവർ നിങ്ങളുടെ അച്ഛനായിരിക്കുകയാണ്, നിങ്ങൾ ആ അച്ഛന്റെ സന്താനങ്ങളാണ്, അപ്പോൾ എത്ര ലഹരിയുണ്ടായിരിക്കണം.**

**ചോദ്യം –** എങ്ങനെയുള്ള കുട്ടികളുടെ ബുദ്ധിയിലാണ് ബാബയുടെ ഓർമ്മ നിരന്തരമായി നിലനിൽക്കാത്തത്?
**ഉത്തരം –** ആർക്കാണോ പൂർണ്ണമായ നിശ്ചയമില്ലാത്തത് അവരുടെ ബുദ്ധിയിൽ ഓർമ്മ നിലനിൽക്കില്ല. നമ്മെ ആരാണ് പഠിപ്പിക്കുന്നത്, ഇതറിയുന്നില്ലെങ്കിൽ പിന്നെ ആരെ ഓർമ്മിക്കാനാണ്. ആരാണോ യഥാർത്ഥ രീതിയിൽ തിരിച്ചറിഞ്ഞ് ഓർമ്മിക്കുന്നത് അവരുടെ വികർമ്മമാണ് നശിക്കുന്നത്. ബാബ തന്നെ സ്വയം വന്ന് തന്റെയും തന്റെ വീടിന്റെയും യഥാർത്ഥ പരിചയം നൽകുന്നു.

**ഓം ശാന്തി**. ഇപ്പോൾ ഓംശാന്തിയുടെ അർത്ഥം കുട്ടികൾക്ക് എപ്പോഴും ഓർമ്മയുണ്ടാകുമല്ലോ. നമ്മൾ ആത്മാക്കളാണ്, നിർവ്വാണധാമം അഥവാ മൂലവതനമാണ് നമ്മുടെ വീട്. ബാക്കി ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ എന്തെല്ലാം പുരുഷാർത്ഥമാണോ ചെയ്യുന്നത്, അതിലൂടെയൊന്നും അവർക്ക് എങ്ങോട്ട് പോകണമെന്ന് അറിയുന്നില്ല. ഏതിൽ നിന്നാണ് സുഖം ലഭിക്കുന്നത്, ഏതിലൂടെയാണ് ദുഖം ലഭിക്കുന്നത് ഒന്നിനെക്കുറിച്ചും അറിയുന്നില്ല. യജ്ഞം, തപം, ദാന–പുണ്യ കർമ്മങ്ങൾ ചെയ്ത് ഏണിപ്പടികൾ താഴേക്ക് ഇറങ്ങി വന്നു. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചു അതിനാൽ ഭക്തി അവസാനിക്കുന്നു. മണി മുഴക്കങ്ങളുടെ അന്തരീക്ഷം ഇപ്പോൾ അവസാനിച്ചു. പുതിയ ലോകവും പഴയ ലോകവും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. പുതിയലോകം പാവന ലോകമാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ സുഖധാമമാണ്. സുഖധാമത്തെ സ്വർഗ്ഗമെന്നും ദുഖധാമത്തെ നരകമെന്നും പറയുന്നു. മനുഷ്യർ ശാന്തിയാണ് ആഗ്രഹിക്കുന്നത് പക്ഷേ ആർക്കും അവിടേക്ക് പോകാൻ സാധിക്കില്ല. ബാബ പറയുന്നു, ഞാൻ എപ്പോൾ വരെ ഭാരതത്തിലേക്ക് വരുന്നില്ലയോ എന്നെക്കൂടാതെ നിങ്ങൾ കുട്ടികൾക്ക് തിരികെ പോകാൻ സാധിക്കില്ല. ഭാരതത്തിൽ തന്നെയാണ് ശിവജയന്തിയുടെ മഹിമയുള്ളത്. നിരാകാരനായ ബാബ തീർച്ചയായും സാകാരത്തിലേക്ക് വന്നിരിക്കുമല്ലോ. ശരീരത്തെക്കൂടാതെ ആത്മാവിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ആത്മാവ് ശരീരമില്ലാതെ അലഞ്ഞുകൊണ്ടിരിക്കുന്നു. മറ്റൊരു ശരീരത്തിലേക്കു പ്രവേശിക്കുന്നു. ചിലർ നല്ല കുട്ടികളാണ്, ചിലർ ചഞ്ചലതയുള്ളവരാണ്, ചിലർ ദോശക്കല്ല് പോലെയാണ്. ആത്മാവിന് തീർച്ചയായും ശരീരം ആവശ്യമാണ്. അതേപോലെത്തന്നെ പരമപിതാവായ പരമാത്മാവിനും ശരീരമില്ലെങ്കിൽ ഭാരതത്തിലേക്ക് വന്ന് എന്തുചെയ്യാനാണ് ! ഭാരതം തന്നെയാണ് അവിനാശി ഖണ്ഡം. സത്യയുഗത്തിൽ ഒരേയൊരു ഭാരതഖണ്ഡം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറ്റെല്ലാ ഖണ്ഡങ്ങളും വിനാശമാകുന്നു. ആദിസനാതന ദേവിദേവതാധർമ്മവും ഭാരതത്തിൽത്തന്നെയാണ്. പക്ഷേ മനുഷ്യർ ആദിസനാതന ഹിന്ദുധർമ്മമെന്നു പറയുന്നു. വാസ്തവത്തിൽ ആരംഭകാലഘട്ടത്തിൽ ആരെയും തന്നെ ഹിന്ദു എന്ന് പറഞ്ഞിരുന്നില്ല, ദേവിദേവതകളായിരുന്നു. യൂറോപ്പിൽ വസിക്കുന്നവർ അവരവരെ ക്രിസ്ത്യാനികളെന്നു പറയുന്നു, ഒരിക്കലും യൂറോപ്യൻ ധർമ്മത്തിലുള്ളവരെന്നു പറയില്ലല്ലോ. പക്ഷേ ഹിന്ദുസ്ഥാനിൽ വസിക്കുന്നവർ സ്വയത്തെ ഹിന്ദുധർമ്മത്തിലുള്ളവർ എന്നു പറഞ്ഞു. ശ്രേഷ്ഠമായ ദേവതാധർമ്മത്തിലുള്ളവരാണ് 84 ജന്മങ്ങളെടുത്ത് ധർമ്മ ഭ്രഷ്ടരായിത്തീർന്നത്. ദേവതാധർമ്മത്തിലുള്ളവർ മാത്രമേ ഇങ്ങോട്ട് വരൂ. അഥവാ നിശ്ചയമില്ലെങ്കിൽ ഈ ധർമ്മത്തിലുള്ളവരല്ലെന്ന് മനസ്സിലാക്കിക്കോളൂ. ഇവിടെ ഇരിക്കുന്നുണ്ടെങ്കിൽ പോലും അവർക്ക് ഒന്നും മനസ്സിലാവുകയില്ല. അവർ ചിലപ്പോൾ പ്രജയിലും താഴ്ന്ന പദവിയുള്ളവരായിരിക്കും. എല്ലാവരും സുഖ–ശാന്തിയാണ് ആഗ്രഹിക്കുന്നത്, പക്ഷേ അത് സത്യയുഗത്തിലാണ് ലഭിക്കുക. എല്ലാവർക്കും സുഖധാമത്തിലേക്ക് പോകാൻ സാധിക്കില്ല. എല്ലാ ധർമ്മത്തിലുള്ളവരും അവരവരുടെ സമയങ്ങളിലാണ് വരുന്നത്. അനേക ധർമ്മങ്ങളുണ്ട്, വൃക്ഷവും അതിന്റെ വൃദ്ധി പ്രാപിച്ചു വരുന്നു. മുഖ്യമായ തായ്ത്തടിയാണ് ദേവിദേവതാധർമ്മം. പിന്നീട് മൂന്ന് ശാഖകൾ. ഈ ശാഖകൾ അതായത് മൂന്ന് ധർമ്മങ്ങൾ ഒരിക്കലും സ്വർഗ്ഗത്തിൽ ഉണ്ടായിരിക്കില്ലല്ലോ. ദ്വാപരയുഗം മുതൽ പുതിയ ധർമ്മങ്ങളുണ്ടാകുന്നു, ഇതിനെയാണ് വൈവിധ്യമാർന്ന മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷമെന്നു പറയുന്നത്. വിരാടരൂപം വേറെയാണ്, ഇത് മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷമാണ്. എത്ര യെത്ര തരത്തിലുള്ള മനുഷ്യരുണ്ട്. എത്ര ധർമ്മങ്ങളുണ്ടെന്നുള്ളത് നിങ്ങൾക്കറിയാം. സത്യയുഗത്തിന്റെ ആദിയിൽ പുതിയ ലോകമായിരുന്നപ്പോൾ ഒരു ധർമ്മം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രാചീനകാലഘട്ടത്തിൽ ഭാരതം സ്വർഗ്ഗമായിരുന്നു എന്ന് വിദേശിയർക്കും അറിയാം. വളരെയധികം ധനമുണ്ടായിരുന്നു അതുകൊണ്ടാണ് ഭാരതത്തിന് വളരെ വലിയ അംഗീകാരം ലഭിക്കുന്നത്. ഏതെങ്കിലും ധനവാൻ പിന്നീട് ദരിദ്രനാവുകയാണെങ്കിൽ അവരോട് ദയ തോന്നാറുണ്ട്. അതുപോലെ ഭാരതത്തിന്റെ അവസ്ഥ

എന്തായിത്തീർന്നിരിക്കുകയാണ്! പക്ഷേ ഇതും ഡ്രാമയിലുള്ള പാർട്ടാണ്. ഏറ്റവും കൂടുതൽ ദയാമനസ്സുള്ളത് ഈശ്വരനാണ് എന്ന് പറയാറുണ്ട്, അതുകൊണ്ടാണ് ഈശ്വരൻ ഭാരതത്തിൽ തന്നെ വരുന്നതും. ദരിദ്രരുടെ മേൽ ദയ കാണിക്കാൻ ധനവാനല്ലേ സാധിക്കൂ. ബാബ പരിധിയില്ലാത്ത ധനവാനാണ്, നമ്മെ ഉയർന്നതിലും ഉയർന്നതാക്കി മാറ്റുന്നു. നിങ്ങൾ ആരുടെ കുട്ടികളായി മാറാൻ പോകുന്നു എന്ന ലഹരി നിങ്ങളിൽ വേണം. പരമപിതാ പരമാത്മാ ശിവന്റെ സന്താനമാണ് നമ്മൾ. ബാബയെത്തന്നെയാണ് ജീവന്മുക്തി ദാതാവെന്നും, സദ്ഗതി ദാതാവെന്നും പറയുന്നത്. സത്യയുഗത്തിലാണ് ആദ്യമാദ്യം ജീവന്മുക്ത സ്ഥിതിയുണ്ടാകുന്നത്. ഇവിടെ ജീവിത ബന്ധനമാണ്. ബാബാ, ഞങ്ങളെ ബന്ധനത്തിൽ നിന്നും മുക്തമാക്കൂ എന്ന് പറഞ്ഞ് ഭക്തിമാർഗ്ഗത്തിൽ വിളിക്കാറുണ്ട്. ഇപ്പോൾ നിങ്ങൾക്കിങ്ങനെ വിളിക്കാൻ സാധിക്കില്ല.

നിങ്ങൾക്കറിയാം ജ്ഞാനസാഗരനായ ബാബയാണ് നമുക്ക് സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുന്നത്. നോളേജ്ഫുള്ളാണ്. ബ്രഹ്മാബാബ സ്വയം പറയുന്നുണ്ട്, ഞാൻ ഭഗവാനൊന്നുമല്ല. നിങ്ങൾക്ക് ദേഹത്തിൽ നിന്നും വേറിട്ട് ദേഹിഅഭിമാനിയായിത്തീരണം. തന്റെ ശരീരത്തെ ഉൾപ്പെടെ മുഴുവൻ ലോകത്തെയും മറക്കണം. ബ്രഹ്മാവ് ഭഗവാനല്ല. ഇവരെ ഒരുമിച്ച് ബാപ്ദാദ എന്നു പറയുന്നു. ബാബ ഉയർന്നതിലും ഉയർന്നതാണ്. ഇത് പതിതമായ പഴയശരീരമാണ്. മഹിമ ഒന്നിന്റെ മാത്രമാണ്. ബാബയുമായി യോഗം വെച്ചാൽ മാത്രമേ പാവനമാകൂ. ഇല്ലെങ്കിൽ ഒരിക്കലും പാവനമാകാൻ സാധിക്കില്ല. അവസാനസമയത്ത് കർമ്മക്കണക്കുകളെ ഇല്ലാതാക്കി ശിക്ഷകൾ അനുഭവിച്ച് തിരികെ പോകേണ്ടതായി വരും. ഭക്തിമാർഗ്ഗത്തിൽ ഹംസോ സോഹം എന്ന മന്ത്രംകേട്ടു വന്നു. ആത്മാ സൊ പരമാത്മാവ് എന്ന തെറ്റായ ഈ മന്ത്രം പരമാത്മാവിൽ നിന്നും പിന്തിരിപ്പിക്കുന്നതാണ്. ബാബ പറയുന്നു – കുട്ടികളേ, പരമാത്മാവ് തന്നെയാണ് ആത്മാവ് എന്ന് പറയുന്നത് തീർത്തും തെറ്റാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ വർണ്ണങ്ങളുടെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കി. നമ്മൾ ബ്രാഹ്മണർ തന്നെയാണ് ദേവതകളാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നത്. പിന്നീട് നമ്മൾ ദേവതകൾ ക്ഷത്രിയ വർണ്ണത്തിലേക്ക് വരുന്നു. നമ്മൾ എങ്ങനെ 84 ജന്മങ്ങളെടുക്കുന്നു എന്ന് മറ്റാർക്കും തന്നെ അറിയില്ല. ഏതു കുലത്തിലേക്ക് വരും? നിങ്ങൾക്കറിയാം നമ്മളിപ്പോൾ ബ്രാഹ്മണരാണ്, ശിവബാബയെ ബ്രാഹ്മണനെന്നു പറയില്ല. നിങ്ങൾ തന്നെയാണ് ഈ വർണ്ണങ്ങളിലേക്ക് വരുന്നവർ. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണ ധർമ്മത്തിലേക്ക് ദത്തെടുക്കപ്പെട്ടിരിക്കുകയാണ്. ശിവബാബയിലൂടെ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനമായി മാറിയിരിക്കുകയാണ്. നിരാകാരി ആത്മാക്കൾ യഥാർത്ഥത്തിൽ ഈശ്വരീയ കുലത്തിലേതാണല്ലോ. നിരാകാരി ലോകത്തിൽ വസിക്കുന്നവരാണ്. പിന്നീടാണ് സാകാരലോകത്തിലേക്ക് വരുന്നത്. പാർട്ട് അഭിനയിക്കാനായി വരേണ്ടതായി വരുന്നു. അവിടെ നിന്നും വന്നതിനുശേഷം പിന്നീട് നമ്മൾ ദേവതാകുലത്തിൽ 8 ജന്മങ്ങളെടുത്തു. പിന്നീട് ക്ഷത്രിയ കുലത്തിലേക്കും വൈശ്യകുലത്തിലേക്കും പോകുന്നു. നിങ്ങൾ ഇത്ര ജന്മങ്ങൾ ദൈവീക കുലത്തിലേക്ക് വന്നു, പിന്നീട് ഇത്ര ജന്മങ്ങൾ ക്ഷത്രിയ കുലത്തിലേക്ക് വന്നു. 84 ജന്മങ്ങളുടെ ചക്രമാണിത്. നിങ്ങൾക്കല്ലാതെ ഈ ജ്ഞാനം മറ്റാർക്കും ലഭിക്കില്ല. ആരാണോ ഈ ധർമ്മത്തിലുള്ളവർ അവർക്കേ ഇങ്ങോട്ട് വരാൻ സാധിക്കൂ. രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ചിലർ രാജാ-റാണി ചിലർ പ്രജകളായിത്തീരുന്നു. സൂര്യവംശി ലക്ഷ്മി-നാരായണൻ ഫസ്റ്റ്, സെക്കന്റ്........ എട്ട് സിംഹാസനങ്ങളുണ്ടായിരിക്കും. പിന്നീട് ക്ഷത്രിയ ധർമ്മത്തിലും ഒന്ന്, രണ്ട്.....എന്നിങ്ങനെയുണ്ടാകുന്നു. ഈ കാര്യങ്ങളെല്ലാം ബാബ മനസ്സിലാക്കിത്തരുകയാണ്. ജ്ഞാനസാഗരൻ വരുമ്പോൾ ഭക്തി അവസാനിക്കുന്നു. രാത്രി അവസാനിച്ച് പകൽ ആരംഭിക്കുകയാണല്ലോ. അവിടെ യാതൊരു പ്രകാരത്തിലുമുള്ള ബുദ്ധിമുട്ടുകളുമുണ്ടാകില്ല. വിശ്രമം തന്നെ വിശ്രമമാണ്, മറ്റൊരു പ്രശ്നങ്ങളുമില്ല. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഭക്തിമാർഗ്ഗത്തിന്റെ സമയത്തു തന്നെയാണ് ബാബയും വരുന്നത്. എല്ലാവർക്കും തീർച്ചയായും തിരികെ പോകണം പിന്നീട് നമ്പർവൈസായി താഴേക്ക് വരുന്നു. ക്രിസ്തു വരുമ്പോൾ അതിനു പിന്നാലെ അവരുടെ ധർമ്മത്തിലുള്ളവരും വരുന്നു. ഇപ്പോൾ നോക്കൂ ക്രിസ്ത്യാനികൾ എത്രയാണ്. ക്രിസ്ത്യൻ ധർമ്മത്തിന്റെ ബീജമാണ് ക്രൈസ്റ്റ്. ഈ ദേവതാധർമ്മത്തിന്റെ ബീജമാണ് പരമപിതാ പരമാത്മാ ശിവൻ. നിങ്ങളെ ആരാണ് ബ്രാഹ്മണ ധർമ്മത്തിലേക്ക് കൊണ്ടുവന്നത്? ബാബ ദത്തെടുത്തതിനു ശേഷമാണ് അതിൽ നിന്നും ചെറിയ ബ്രാഹ്മണധർമ്മമുണ്ടായത്. ബ്രാഹ്മണരുടെ കുടുമ പ്രസിദ്ധമാണ്. കുടുമിയാണ് ബ്രാഹ്മണരുടെ അടയാളം പിന്നീട് അതിൽ നിന്നും താഴേക്ക് പോകുന്തോറും ശരീരം വലുതായി വരുന്നു. മംഗളകാരിയായ ബാബയാണ് വന്ന് ഭാരതത്തിന്റെ മംഗളം ചെയ്യുന്നത്. ഏറ്റവുമധികം മംഗളം ചെയ്യുന്നത് നിങ്ങൾ കുട്ടികളുടേതു തന്നെയാണ്. നിങ്ങൾ എന്തിൽ നിന്നും എന്തായി മാറുന്നു! നിങ്ങൾ അമരലോകത്തിന്റെ അധികാരിയായാണ് മാറുന്നത്. ഇപ്പോൾ തന്നെയാണ് നിങ്ങൾ കാമവികാരത്തിനുമേൽ വിജയം പ്രാപിക്കുന്നത്. അവിടെ ദുർമരണങ്ങളുണ്ടാകുന്നില്ല. മരണത്തിന്റെ കാര്യമേയില്ല. ബാക്കി വസ്ത്രം(ശരീരം) മാറ്റുല്ലോ. സർപ്പം തന്റെ പഴയതോൽ മാറ്റി പുതിയതെടുക്കുന്നത് പോലെ. സത്യയുഗത്തെ അള്ളാഹുവിന്റെ പൂന്തോട്ടം എന്നാണ് പറയുന്നത്. അവിടെ മോശമായ വാക്കുകളൊന്നും ആരും പറയില്ല. ഇവിടെ കുസംഗമാണ്.

മായയുടെ സംഗമാണ് അതുകൊണ്ടാണ് ഇതിന്റെ പേര് തന്നെ ഭയാനക നരകം എന്നായത്. താമസിക്കുന്ന വീട് പഴയതായാൽ മുൻസിപ്പാലിറ്റി ആദ്യം തന്നെ താമസം ഒഴിപ്പിക്കാറുണ്ട്. ബാബയും പറയുന്നു ലോകം പഴയതാകുമ്പോഴാണ് ഞാൻ വരുന്നത്.

ജ്ഞാനത്തിലൂടെയാണ് സദ്ഗതിയുണ്ടാകുന്നത്. രാജയോഗം പഠിപ്പിക്കുന്നു. ഭക്തിയിൽ ഒന്നും തന്നെയില്ല. ദാന–പുണ്യകർമ്മങ്ങൾ ചെയ്യുമ്പോൾ അല്പകാലത്തെ സുഖം ലഭിക്കുന്നു. ഇത് കാകവിഷ്ട സമാനമായ സുഖമാണ്(അല്പകാലത്തെ) എന്ന് പറഞ്ഞ് രാജാക്കൻമാർക്കുപോലും സന്യാസിമാർ വൈരാഗ്യം ഉണ്ടാക്കാറുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്ത വൈരാഗ്യമാണ് പഠിപ്പിക്കുന്നത്. ഇത് പഴയ ലോകം തന്നെയാണ്, ഇപ്പോൾ നിങ്ങൾ സുഖധാമത്തെ ഓർമ്മിക്കണം. പിന്നീട് ശാന്തിധാമം വഴി ഇങ്ങോട്ട് വരണം. ദിൽവാഡാ ക്ഷേത്രം നിങ്ങളുടെ ഇപ്പോഴത്തെ ഓർമ്മചിഹ്നമാണ്. താഴെ തപസ്യ മുകളിൽ സ്വർഗ്ഗമാണ്. ഇല്ലെങ്കിൽ സ്വർഗ്ഗം എവിടെ കാണിക്കാനാണ്. മനുഷ്യർ മരിക്കുമ്പോൾ , സ്വർഗ്ഗം പൂകി എന്ന് പറയുന്നു. എല്ലാവരും സ്വർഗ്ഗം മുകളിലാണെന്നാണ് മനസ്സിലാക്കുന്നത്, പക്ഷേ മുകളിൽ സ്വർഗ്ഗമില്ലല്ലോ. ഭാരതം തന്നെയാണ് സ്വർഗ്ഗവും നരകവുമായിത്തീരുന്നത്. ദിൽവാഡാ ക്ഷേത്രം പൂർണ്ണമായും നിങ്ങളുടെ ഓർമ്മചിഹ്നമാണ്. ഈ ക്ഷേത്രങ്ങളെല്ലാം പിന്നീടാണ് ഉണ്ടായത്. സ്വർഗ്ഗത്തിൽ ഭക്തിയുണ്ടാകില്ല. അവിടെ സുഖം തന്നെ സുഖമാണ്. ബാബ വന്ന് എല്ലാ രഹസ്യങ്ങളും മനസ്സിലാക്കിത്തരുന്നു. മറ്റെല്ലാ ആത്മാക്കളുടെയും പേരിന് മാറ്റം വരുന്നുണ്ട് പക്ഷേ ശിവന്റെ പേര് ഒരിക്കലും മാറില്ല. ബാബക്ക് തന്റേതായ ശരീരമില്ല. പക്ഷേ ശരീരമില്ലാതെ എങ്ങനെ പഠിപ്പിക്കാൻ സാധിക്കും. പ്രേരണയുടെ കാര്യം തന്നെ വരുന്നില്ല. പ്രേരണ അർത്ഥം സങ്കൽപ്പം. അല്ലാതെ മുകളിൽ നിന്നും പ്രേരണ നൽകി ആരെങ്കിലും എത്തിച്ചേരുകയൊന്നുമില്ല. ഇതിൽ പ്രേരണയുടെ കാര്യമൊന്നുമില്ല. ഏതു കുട്ടികൾക്കാണോ ബാബയുടെ പൂർണ്ണ തിരിച്ചറിവില്ലാത്തത്, പൂർണ്ണ നിശ്ചയമില്ലാത്തത്, അവരുടെ ബുദ്ധിയിൽ ഓർമ്മയും നിലനിൽക്കില്ല. നമ്മെ ആരാണ് പഠിപ്പിക്കുന്നതെന്ന് അറിയുന്നില്ലെങ്കിൽ പിന്നെ ആരെ ഓർമ്മിക്കാനാണ്? ബാബയുടെ ഓർമ്മയിലൂടെ മാത്രമെ വികർമ്മം നശിക്കൂ. ജന്മജന്മാന്തരം ലിംഗത്തെ മാത്രം ഓർമ്മിച്ചിരുന്നപ്പോൾ ഇതു തന്നെയാണ് പരമാത്മാവെന്ന് മനസ്സിലാക്കി, അവരുടെ ചിഹ്നം ഇതാണ്, അവർ നിരാകാരനാണ്, സാകാരിയല്ലെന്ന് അറിയാം. ബാബ പറയുന്നു എനിക്കും പ്രകൃതിയുടെ ആധാരമെടുക്കേണ്ടി വരുന്നു. ഇല്ലെങ്കിൽ നിങ്ങൾ എങ്ങനെ സൃഷ്ടി ചക്രത്തിന്റെ രഹസ്യം മനസ്സിലാക്കും. ഇതാണ് ആത്മീയ ജ്ഞാനം. ആത്മാക്കൾക്ക് മാത്രമേ ഈ ജ്ഞാനം ലഭിക്കൂ. ഈ ജ്ഞാനം ഒരു ബാബക്കു മാത്രമേ നൽകാൻ സാധിക്കൂ. പുനർജന്മങ്ങൾ എടുക്കുക തന്നെ വേണം. എല്ലാ അഭിനേതാക്കൾക്കും പാർട്ട് ലഭിച്ചിട്ടുണ്ട്. ഒരാൾക്കും നിർവ്വാണധാമത്തിലേക്ക് ഇപ്പോൾ പോകാൻ സാധിക്കില്ല. മോക്ഷം പ്രാപിക്കില്ല. ആരാണോ നമ്പർവൺ വിശ്വത്തിന്റെ അധികാരിയാകുന്നത് അവരാണ് 84 ജന്മങ്ങളെടുക്കുക. ചക്രം തീർച്ചയായും കറങ്ങണം. മനുഷ്യർ മോക്ഷം ലഭിക്കും എന്നു മനസ്സിലാക്കുന്നു, എത്ര മത–മതാന്തരങ്ങളാണ്. വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. തിരികെ ആരും പോകില്ല. ബാബ തന്നെയാണ് 84 ജന്മങ്ങളുടെ കഥ കേൾപ്പിക്കുന്നത്. നിങ്ങൾ കുട്ടികൾ പഠിച്ച് പിന്നീട് പഠിപ്പിക്കണം. ഈ ആത്മീയജ്ഞാനം നിങ്ങൾക്കല്ലാതെ മറ്റാർക്കും കേൾപ്പിക്കാൻ സാധിക്കില്ല. ശൂദ്രന്മാർക്കോ ദേവതകൾക്കോ നൽകാൻ സാധിക്കില്ല. സത്യയുഗത്തിൽ ജ്ഞാനം ലഭിക്കാനായി അവിടെ ദുർഗ്ഗതിയില്ലല്ലോ. സദ്ഗതിക്കു വേണ്ടിയാണ് ഈ ജ്ഞാനം. സദ്ഗതിദാതാവും മുക്തേശ്വരനും വഴികാട്ടിയും ഒരാൾ മാത്രമാണ്. ഓർമ്മയുടെ യാത്രയിലൂടെയല്ലാതെ ആർക്കും പാവനമാകാൻ സാധിക്കില്ല. തീർച്ചയായും ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. പദവി ഭ്രഷ്ടമാവുകയും ചെയ്യും. എല്ലാവരുടെയും കർമ്മക്കണക്കുകൾ തീരണമല്ലോ. നിങ്ങൾക്ക് നിങ്ങളുടെ കാര്യങ്ങളാണ് ബാബ മനസ്സിലാക്കിത്തരുന്നത്, മറ്റുള്ള ധർമ്മത്തിലുള്ളവരുടെ അറിഞ്ഞിട്ടെന്തുകാര്യം. ഭാരതവാസികൾക്കു തന്നെയാണ് ഈ ജ്ഞാനം ലഭിക്കുന്നത്. ബാബയും ഭാരതത്തിൽ തന്നെ വന്നിട്ടാണ് മൂന്ന് ധർമ്മങ്ങൾ സ്ഥാപിക്കുന്നത്. ഇപ്പോൾ നിങ്ങളെ ശൂദ്രധർമ്മത്തിൽ നിന്നും ഉന്നത കുലത്തിലേക്ക് കൊണ്ടുപോകുന്നു. അത് നീചവും പതിതവുമായ കുലമാണ്. ഇപ്പോൾ പാവനമാക്കുന്നതിനായി നിങ്ങൾ ബ്രാഹ്മണർ നിമിത്തമാകുന്നു. ഇതിനെയാണ് രുദ്രജ്ഞാനയജ്ഞമെന്നു പറയുന്നത്. രുദ്രനായ ശിവബാബയാണ് യജ്ഞം രചിക്കുന്നത്. ഈ പരിധിയില്ലാത്ത യജ്ഞത്തിൽ മുഴുവൻ പഴയ ലോകവും ആഹുതിചെയ്യപ്പെടുന്നുണ്ട്. പിന്നീട് പുതിയ ലോകം സ്ഥാപിക്കപ്പെടും. പഴയലോകം നശിക്കുകയും ചെയ്യുന്നു. നിങ്ങൾ പുതിയ ലോകത്തിനു വേണ്ടിയാണ് ഈ ജ്ഞാനം തന്നെ നേടുന്നത്. ദേവതകളുടെ നിഴൽ പഴയ ലോകത്തിൽ പതിയുകയില്ല. നിങ്ങൾ കുട്ടികൾക്കറിയാം കൽപം മുമ്പ് ആര് വന്നോ അവരേ വന്ന് ജ്ഞാനം എടുക്കൂ. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് പഠിപ്പ് പഠിക്കുന്നു. മനുഷ്യർ ഇവിടെത്തന്നെയാണ് ശാന്തി ആഗ്രഹിക്കുന്നത്. പക്ഷേ ആത്മാക്കൾ ശാന്തിധാമത്തിൽ വസിക്കുന്നവരാണ്. ബാക്കി ഇവിടെ എങ്ങനെ ശാന്തി ഉണ്ടാകാനാണ്. ഈ സമയത്താണെങ്കിൽ ഓരോ വീടും അശാന്തമാണ്. രാവണരാജ്യമല്ലേ. സത്യയുഗത്തിൽ തീർത്തും ശാന്തിയുടെ രാജ്യമാണ്. ഒരു ധർമ്മവും ഒരു ഭാഷയുമായിരിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. ഈ പഴയലോകത്തിൽ നിന്നും പരിധിയില്ലാത്ത വൈരാഗിയായി തന്റെ ദേഹത്തെപ്പോലും മറന്ന് ശാന്തിധാമത്തെയും സുഖധാമത്തെയും ഓർമ്മിക്കണം. നിശ്ചയബുദ്ധിയായി ഓർമ്മയുടെ യാത്രയിലിരിക്കണം.

2. ഹംസോ, സോഹം എന്ന മന്ത്രത്തെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കി ഇപ്പോൾ ബ്രാഹ്മണനിൽ നിന്നും ദേവതയാകാനുള്ള പുരുഷാർത്ഥം ചെയ്യൂ. എല്ലാവർക്കും ഈ മന്ത്രത്തിന്റെ യഥാർത്ഥ അർത്ഥത്തെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കണം.

## വരദാനം– അന്തർമുഖതയുടെ അഭ്യാസത്തിലൂടെ അലൗകീകഭാഷയെ മനസ്സിലാക്കുന്ന സദാ സമ്പന്നരായി ഭവിക്കട്ടെ.

താങ്കൾ കുട്ടികൾ എത്രത്തോളം അന്തർമുഖതയാകുന്ന സ്വീറ്റ് സൈലൻസിന്റെ സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നുവോ അത്രത്തോളം കണ്ണുകളുടെ ഭാഷയേയും, ഭാവനയുടെ ഭാഷയേയും പിന്നെ സങ്കൽപങ്ങളുടെ ഭാഷയേയും സഹജമായി മനസ്സിലാക്കാൻ കഴിയും.ഈ മൂന്ന് പ്രകാരത്തിലുള്ള ഭാഷകളും ആത്മീയ യോഗി ജീവിതത്തിന്റെ ഭാഷകളാണ്.ഈ അലൗകീക ഭാഷകൾ വളരെ ശക്തിശാലികളാണ്. വേണ്ടസമയത്ത് ഈ മൂന്ന് ഭാഷകളിലൂടെയും സഹജമായി സഫലത ലഭിക്കും.അതിനാലിപ്പോൾ ഈ ആത്മീയ ഭാഷയുടെ അഭ്യാസികളായി മാറൂ.

## സ്ലോഗൻ– ബാബക്ക് താങ്കളെ കൺപീലികളിൽ ഇരുത്തി കൊണ്ടുപോകാനാകണം,താങ്കൾ അത്രക്ക് ഭാരരഹിതരായി മാറൂ.

**അവ്യക്തസൂചന–സങ്കൽപശക്തിയെ ശേഖരിച്ച് ശ്രേഷ്ഠസേവനങ്ങൾക്ക് നിമിത്തമായി മാറൂ.**

താങ്കളുടെ ശ്രേഷ്ഠസങ്കൽപങ്ങളുടെ ഏകാഗ്രതയാണ് വർത്തമാനസമയത്ത് വിശ്വമംഗളം ചെയ്യാനുള്ള സഹജമായ മാർഗ്ഗം.ഇതിലൂടെ സർവ്വാത്മാക്കളുടേയും അലഞ്ഞുതിരിയുന്ന ബുദ്ധിയെ ഏകാഗ്രമാക്കാൻ കഴിയും.വിശ്വത്തിലെ സർവ്വാത്മാക്കൾക്കും അലയുന്ന ബുദ്ധി ഏകാഗ്രമാകണം,മനസ്സിന്റെ ചഞ്ചലത ഏകാഗ്രമാകണം എന്ന ആഗ്രഹമാണ് ഉള്ളത്. ഇതിനായി ഏകാഗ്രത അഥവാ ഒരു ബാബ രണ്ടാമതൊരാളില്ല എന്ന സ്മൃതിയിലൂടെ ഏകരസസ്ഥിതിയിൽ സ്ഥിതിചെയ്യാനുള്ള വിശേഷ അഭ്യാസം ചെയ്യൂ.